"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ-ശിശു വികസന വകുപ്പ്- വകുപ്പിനു കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളുടെ വിവാഹത്തിനുള്ള അനുമതിയും ധനസഹായവും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാ-ശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.263/2026/WCDD തീയതി,തിരുവനന്തപുരം, 06-08-2026

---

പരാമർശം:-

1. സ.ഉ. (സാധാ) നം. 161/13/സാനീവ തീയതി 04.04.2013.
2. സ.ഉ.(സാധാ) നം.80/2016/സാനീവ തീയതി.11/02/2016.
3. വനിതാ-ശിശു വികസന ഡയറക്ടറുടെ 23.12.2024, 25.04.2026 തീയതികളിലെ DWCD/5966/2024-WEC5 നം. കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമ സ്ഥാപനങ്ങളിൽ ബന്ധുക്കളാരുമില്ലാത്തവരും വിവാഹപ്രായമെത്തിയവരുമായ വനിതകളായ താമസക്കാരെ വിവാഹം ചെയ്ത് അയയ്ക്കുന്ന ഒരു പുനരധിവാസ പദ്ധതി നടപ്പിലാക്കി വരുന്നു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിൽ ഒരു പെൺകുട്ടിയുടെ വിവാഹ ധനസഹായമായി ഒരു ലക്ഷം രൂപ അനുവദിച്ചു വരുന്നു. പ്രസ്തുത ഉത്തരവിൽ സാമൂഹ്യനീതി വകുപ്പിന് അനുവദിച്ച 2235-02-103-92 (പി) ശീർഷകമാണ് പരാമർശിച്ചിട്ടുള്ളത്. വിവാഹത്തിനുള്ള അനുമതിക്കും ഫണ്ടിനുമായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് കാലതാമസം വരുത്താൻ കഴിയാത്തതിനാൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനിതാ-ശിശു വികസന ഡയറക്ടർ തുക അനുവദിച്ചു വരുന്നു. വനിതാ- ശിശു വികസന വകുപ്പ് രൂപീകരിച്ച് നാളിതുവരെയും 2024-25 പ്ലാൻ റൈറ്റ് അപ്പ്-ന്റെയും പരാമർശം (1) ഉത്തരവിന്റെയും അടിസ്ഥാനത്തിലാണ് ക്ഷേമസ്ഥാപനങ്ങളിലെ കുട്ടികളുടെ വിവാഹധനസഹായമായി 50,000/-രൂപ 2235-02-103-68-03 (പി) ശീർഷകത്തിൽ നിന്ന് അനുവദിച്ചു വന്നിരുന്നു. പരാമർശം (2) പ്രകാരം ടി ധനസഹായം 1,00,000/- രൂപയായി വർ ദ്ധിപ്പിച്ചിരുന്നു. വനിതാ ശിശു വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന 17

ക്ഷേമസ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് അനുമതി നൽകുന്നതിനും വിവാഹ ധനസഹായമായി ഒരു പെൺകുട്ടിക്ക് ഒരു ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള ചുമതല വനിത ശിശു വികസന ഡയറക്ടർക്ക് നൽകിക്കൊണ്ടും ടി തുക 2235-02-103-68-03 (പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും പരാമർശം (2) പ്രകാരം ഈ ആവശ്യത്തിലേക്ക് നാളിതുവരെ വനിത ശിശു വികസന വകുപ്പ് തുക ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകിക്കൊണ്ടും ഉത്തരവാകണമെന്ന് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. വനിതാ-ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 17 ക്ഷേമ സ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് അനുമതി നല്കുന്നതിനും വിവാഹധനസഹായമായി ഒരു പെൺകുട്ടിക്ക് 1,00,000/-(ഒരു ലക്ഷം രൂപ മാത്രം) രൂപ അനുവദിക്കുന്നതിനുള്ള ചുമതല വനിതാ-ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നല്കിക്കൊണ്ടും ടി ക്ഷേമ സ്ഥാപനങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും തുക ചെലവഴിച്ച വനിതാ-ശിശു വികസന ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നല്കി കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് [vide U.O No. WCD-1/147/2026-FIN (e-3530504) dated 23/06/2026].

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Hena R Raj
Date: 06-08-2026
11:54:53

സെക്ഷൻ ഓഫീസർ